**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4848** **20-07-2022 - ൽ മറുപടിയ്ക്ക്**

**ബി.ആർ.ഡി.സി. ഗവേണിംഗ് ബോഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബേക്കൽ റിസോർട്സ് ആൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.) ഗവേണിംഗ് ബോഡിയിൽ നിലവിൽ ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1956-ലെ കമ്പനി നിയമ പ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനം ആണ്. കോർപ്പറേഷന്റെ ഭരണം നിയന്ത്രിക്കുന്നത് ബോർഡ് ഓഫ് ഡയറക്ടേഴ്സ് (Board of Directors) ആണ്. നിലവിൽ ഏഴ് (7) അംഗങ്ങളാണ് ഡയറക്ടർ ബോർഡിൽ ഉള്ളത്.<br><br>1. ചീഫ് സെക്രട്ടറി, കേരള സർക്കാർ - ബോർഡ് ചെയർമാൻ<br>2. പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ് - ബോർഡ് അംഗം<br>3. ഡയറക്ടർ, ടൂറിസം വകുപ്പ് - ബോർഡ് അംഗം<br>4. ജില്ലാ കളക്ടർ, കാസർഗോഡ് - ബോർഡ് അംഗം<br>5. മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി. - ബോർഡ് അംഗം<br>6. മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി. - ബോർഡ് അംഗം<br>7. ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് - ബോർഡ് അംഗം |
| (ബി) | ഗവേണിംഗ് ബോഡിയിൽ ബി.ആർ.ഡി.സി. ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിലെ ഏതെങ്കിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഇല്ല |
| (സി) | ബി.ആർ.ഡി.സി. യുടെ ടൂറിസം വികസനത്തിന് പ്രദേശത്തെ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം കൂടി ആവശ്യമായിരിക്കെ ഉദ്യോഗസ്ഥ തലത്തിലുള്ള ഗവേണിംഗ് ബോഡി മാത്രം കാര്യങ്ങൾ | (സി) | പരിശോധിച്ചുവരുന്നു |

| | | | |
|---|---|---|---|
| | തീരുമാനിക്കുന്നത് എത്ര കണ്ട് ഉചിതമായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ജനകീയ പ്രാദേശിക വിഷയങ്ങൾ കൂടി ഗവേണിംഗ് ബോഡിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് ബി.ആർ.ഡി.സി. ഗവേണിംഗ് ബോഡിയിൽ ആയതിന്റെ ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിൽപ്പെടുന്ന ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (ഡി) | പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ